വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. HARITHA V KUMAR)

വിഷയം: വനിതാ-ശിശു വികസന വകുപ്പ്- ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം/സ്ഥലമാറ്റം-അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 22-12-2024 തീയതിയിലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/7453/2024-E7 ഉത്തരവ്.
2. 01-03-2024 തീയതിയിലെ വനിതാ-ശിശു വികസന ഡയറക്ടറുടെ DWCD/6048/2023-E8 ഉത്തരവ്.
3. 17-12-2024 തീയതിയിലെ പൊതുഭരണ(സർവീസസ് എച്ച്) വകുപ്പിന്റെ സ.ഉ(സാധാ) നം:5561/2024/GAD നമ്പർ ഉത്തരവ്.
4. സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർ സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷകൾ.

ഉത്തരവ് നം. DWCD/1309/2024-E4 തീയതി: 01-01-2025

വനിതാ-ശിശു വികസന വകുപ്പിൽ പരാമർശം (1) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേനെ സീനിയർ ക്ലാർക്ക് തസ്തികയിൽ 3 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

പരാമർശം (2) പ്രകാരമുള്ള ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിശ്ചിത ടെസ്റ്റ് യോഗ്യത നേടാത്ത/ പ്രൊബേഷൻ പൂർത്തീകരിക്കാത്ത /വകുപ്പ് വിട്ട പോയവർ/ ഉദ്യോഗക്കയറ്റം റിലിൻക്വിഷ് ചെയ്തവർ/ വകുപ്പുതല നടപടിയുള്ളവർ/ ശൂന്യ വേതനാവധിയിലുള്ളവർ എന്നിങ്ങനെയുള്ള 25 ജീവനക്കാരെ (ക്രമ നം. 1, ക്രമ നം. 4 മുതൽ 6 വരെ, ക്രമ നം. 8 മുതൽ 16 വരെ, ക്രമ നം. 18 മുതൽ 24 വരെ, ക്രമ നം. 26 മുതൽ 28 വരെ, ക്രമ നം. 31, ക്രമ നം. 34) ഉദ്യോഗക്കയറ്റത്തിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട്.

സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള 3 ഒഴിവുകളിൽ 1 ഒഴിവിൽ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും 50 വയസ്സ് പൂർത്തീകരിച്ചതുമായ ശ്രീ. ഷൈജു കെ എം -നും (ക്രമ നം. 3), 1 ഒഴിവിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. വൈശാഖ് ഗോപനും (ക്രമ നം. 41) ഉദ്യോഗക്കയറ്റം നൽകേണ്ടതും, 1 ഒഴിവിൽ വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവനം അവസാനിപ്പിച്ച പരാമർശം (3) പ്രകാരം മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ച സീനിയർ ക്ലാർക്ക് ശ്രീ. ആസിഫ് സഹീർ ബി എം -ന് നിയമനം നൽകേണ്ടതുമുണ്ട്.

നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും, സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരായ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. (DWCD/6048/2023-E8 Dt. 01/03/2024) |
|---|---|---|
| 1. | ശ്രീ. ഷൈജു കെ എം, ക്ലാർക്ക്<br>ICDS പറക്കോട് അഡീഷണൽ<br>PEN: 453412 | 3<br>31/05/2024 തീയതിയിൽ 50 വയസ്സ് പൂർത്തീകരിച്ചിട്ടുണ്ട്. |
| | | |

| | | |
|---|---|---|
| 2. | ശ്രീ. വൈശാഖ് ഗോപൻ,<br>ക്ലാർക്ക്, ജില്ലാതല ICDS സെൽ<br>തിരുവനന്തപുരം. PEN: 803044 | 41 |

ഈ സാഹചര്യത്തിൽ, മേൽ വിവരിക്കും പ്രകാരമുള്ള ജീവനക്കാർക്ക് KS & SSR ചട്ടം 28 A (i) പ്രകാരം **35600-75400** രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചും, അന്യത്ര സേവനത്തിലായിരുന്ന ജീവനക്കാരനെ മാതൃവകുപ്പിൽ വകുപ്പിൽ തനതു തസ്തികയിൽ തിരികെ നിയമിച്ചും, സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ പരാമർശം (4) പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ചും അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്ഥലംമാറ്റം : സീനിയർ ക്ലാർക്ക്**

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, നിലവിലെ കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീമതി. സുമ സി എസ്<br>സീനിയർ ക്ലാർക്ക്<br>ICDS ഇരിക്കൂർ, കണ്ണൂർ. | വനിതാ-ശിശു വികസന ഡയറക്ടറേറ്റ് | **സ്ഥലംമാറ്റം** അപേക്ഷ |
| 2 | ശ്രീമതി. സിമിത കെ ആർ,<br>സീനിയർ ക്ലാർക്ക്,<br>വനിതാ-ശിശു വികസന ഡയറക്ടറേറ്റ്. | ICDS കുറ്റിപ്പുറം അഡീഷണൽ | **സ്ഥലംമാറ്റം** അപേക്ഷ |

**ഉദ്യോഗകയറ്റം : സീനിയർ ക്ലാർക്ക്**

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|---|
| 1 | ശ്രീ. ഷൈജു കെ എം, ക്ലാർക്ക്<br>ICDS പറക്കോട് അഡീഷണൽ<br>PEN: 453412 | 3 | **സീനിയർ ക്ലാർക്ക്**<br>ജില്ലാതല ICDS സെൽ, കണ്ണൂർ |
| 2 | ശ്രീ. വൈശാഖ് ഗോപൻ,<br>ക്ലാർക്ക്, ജില്ലാതല ICDS സെൽ<br>തിരുവനന്തപുരം. PEN: 803044 | 41 | **സീനിയർ ക്ലാർക്ക്**<br>ICDS ഇരിക്കൂർ കണ്ണൂർ. |

അന്യത്ര സേവനം : മാതൃവകുപ്പിൽ തിരികെ നിയമനം

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | നിയമനം നൽകുന്ന കാര്യാലയം, തസ്തിക | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ. ആസിഫ് സഹീർ ബി എം, സീനിയർ ക്ലാർക്ക്, (അന്യത്ര സേവനം/വനിതാ-ശിശു വികസന ഡയറക്ടറേറ്റ്) PEN: 433057 | സീനിയർ ക്ലാർക്ക് ICDS വടകര അർബൻ കോഴിക്കോട് | അനന്യത്ര സേവനം അവസാനിച്ചതിൻ പ്രകാരം തനതു തസ്തികയിൽ തിരികെ നിയമിക്കുന്നു. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

സ്ഥലംമാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

HARITHA V KUMAR
**വനിതാ-ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ് : 1) ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക്/ പ്രോഗ്രാം ഓഫീസർമാർക്ക്.
2) ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്.
3) സീനിയർ സൂപ്രണ്ട്, ബിൽ സെക്ഷൻ.
4) ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം